# പതിനാലാംകേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 367 26-04-2017 ലെ മറുപടിക്ക്

**ചോദ്യം** **മറുപടി**

**ശ്രീ.അനിൽ അക്കര** **ഡോ.ടി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

**ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ലഭ്യമായ തുക**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും എന്തു തുക ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ; | 2016-17 സാമ്പത്തിക വർഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 175 കോടി രൂപ ലഭ്യമായിട്ടുണ്ട്. |
| (ബി) | ഈ തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വകയിരുത്തിയിട്ടുള്ള തെന്ന് വെളിപ്പെടുത്തുമോ; | ദേശീയ ദുരന്ത നിവാരണ നിധിയിൽ നിന്നുള്ള വരവ് 1601-01-109 എന്ന ശീർഷകത്തിലും ഇതിലേക്കുള്ള ചെലവ് 2245- പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന മുഖ്യ ശീർഷകത്തിൻ കീഴിലുള്ള വിവിധ ശീർഷകങ്ങളിലുമായി വകയിരുത്തുന്നു. |
| (സി) | സംസ്ഥാനത്തിന്റെ എസ്.ഡി.ആർ.എഫ്-ൽ നിന്ന് ഈ സർക്കാരിന്റെ കാലയളവിൽ എന്തു തുക ചെലവഴിച്ചെന്നും ഇനിയെത്ര മിച്ചമുണ്ടെന്നും വിശദീകരിക്കുമോ? | 2016-17 സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത നിവാരണ നിധി (SDRF) യിൽ നിന്നും സംസ്ഥാന വിഹിതം ഉൾപ്പെടെ 136.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. SDRF ലേക്കുള്ള മിച്ച തുക പൊതുക്കണക്കിനത്തിന് കീഴിൽ വരുന്ന '8121- കരുതൽ നിധി' എന്ന മുഖ്യ ശീർഷകത്തിൻ കീഴിലാണ് വരുന്നത്. ഇതു സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നത് അക്കൗണ്ടന്റ് ജനറലാണ്. 28-02-2017-ൽ നിയമസഭയിൽ സമർപ്പിച്ച 2015-16 വർഷത്തേക്കുള്ള ഫിനാൻസ് അക്കൗണ്ട്സ് പ്രകാരം 31-03-2016 വരെ സംസ്ഥാന ദുരന്ത നിവാരണ നിധി (SDRF) യിലെ മിച്ച തുക 72.52 കോടി രൂപയാണ്. |

**സെക്ഷൻ ഓഫീസർ**